**JUNE 2025**

# ഇടം

GHSS KADAYRIPPU NEWS

ghsskadayrippu@gmail.com

## ലിറ്റിൽകൈറ്റ്സ് യൂണിറ്റ് ക്യാമ്പ് സംഘടിപ്പിച്ചു.

സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് വേണ്ടിയുള്ള ഒന്നാംഘട്ട പരിശീലനം പൂർത്തിയായി. റിൽസ് നിർമ്മാണം വീഡിയോ പ്രൊഡക്ഷൻ എന്നീ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുകയായിരുന്നു ക്യാമ്പിന്റെ ലക്ഷ്യം. ഹെഡ്മാസ്റ്റർ ബിജോയ് സാർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സീനിയർ അധ്യാപിക സീമ ടീച്ചർ ആശംസകൾ അറിയിച്ച് സംസാരിച്ചു. സ്കൂളിലെ കൈറ്റ് മെൻഡർമാരായ മിനി ജേക്കബ് ,ഷീജ പി ക്കെ എന്നീ അധ്യാപകരും പൂതൃക്ക സ്കൂളിലെ കൈറ്റ് മെന്ററായ അശ്വതി ടീച്ചർ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പ് നല്ലൊരു അനുഭവമായിരുന്നു എന്ന് കുട്ടികൾ അഭിപ്രായപ്പെട്ടു.





## വരവേൽപ്പിനായി സ്കൂൾ ഒരുങ്ങി.

രണ്ടുമാസത്തെ മധ്യവേനൽ അവധിക്ക് ശേഷം കുട്ടികളെ സ്വീകരിക്കുന്നതിനായി സ്കൂളിലെ എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. ക്ലാസ് മുറികളും സ്കൂൾ പരിസരവും ശുചീകരിച്ചു. പുതിയ കുട്ടികൾക്കായി സ്കൂളും പരിസരവും ഭംഗിയായി അലങ്കരിച്ചു. സീനിയർ അധ്യാപിക സീമ ടീച്ചറിന്റെ നേതൃത്വത്തിൽ ഒരുക്കങ്ങൾ പരിശോധിച്ചു വിലയിരുത്തി.












## പ്രവേശനോത്സവം

പുതിയ അധ്യയനവർഷത്തിന് തുടക്കം കുറച്ചുകൊണ്ട് സ്കൂളിലെ പ്രവേശനോത്സവം വർണ്ണാഭമാക്കി കടയിരുപ്പ് സ്കൂൾ. കുട്ടികളെ സ്വീകരിക്കുന്നതിനായി സ്കൂളും പരിസരവും വർണ്ണക്കടലാസും ബലൂണുകളും ഉപയോഗിച്ച് മനോഹരമായി അലങ്കരിച്ചു. പഞ്ചായത്ത് മെമ്പർ ലൗലി ലൂയിസ് ഉത്സവം ഉദ്ഘാടനം ചെയ്തു. പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചതും വിദ്യാഭ്യാസ മന്ത്രി ശിവൻകുട്ടിയുടെ സന്ദേശവും രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും വീക്ഷിക്കാനുള്ള അവസരം ഒരുക്കി. ശേഷം പ്രവേശനോത്സവ ഗാനാലപനത്തോടെ മറ്റ് പരിപാടികൾക്ക് തുടക്കം കുറിച്ചു. കുട്ടികളുടെ കലാപ്രകടനങ്ങൾ ചടങ്ങിന് കൂടുതൽ ആകർഷണീയത നൽകി. മധുര പലഹാരം നൽകിയാണ് കുട്ടികളെ ക്ലാസുകളിലേക്ക് അധ്യാപകർ വരവേറ്റത്.







## യാത്രയയപ്പ് നൽകി

സ്കൂളിൽ നിന്നും സ്ഥലം മാറിപ്പോയ ഹെഡ്മാസ്റ്റർ ബിജോയ് എം ഐ സാറിനും സീനിയർ അധ്യാപകനായ പി വി എൽദോ സാറിനും യാത്രയയപ്പ് നൽകി.

---



### പുതിയ ഹെഡ്മിസ്ട്രസ് ചാർജ് എടുത്തു.

ശ്രീമതി സിന്ധു കെ കെ പുതിയ ഹെഡ്മിസ്ട്രസ് ആയി ചാർജ് എടുത്തു

---

### പരിസ്ഥിതി ദിനം ആചരിച്ചു.

സിന്തൈറ്റ് ഗ്രൂപ്പ് ഓഫ് കമ്പനിയുമായി സഹകരിച്ച് സ്കൂളിലെ പരിസ്ഥിതി ദിനാഘോഷം ശ്രദ്ധേയമായി. സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വൃക്ഷത്തൈ നൽകിക്കൊണ്ട് പരിസ്ഥിതി ദിനാഘോഷം ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി സ്കൂളിലെ വിവിധ ക്ലബ്ബുകൾ സംഘടിപ്പിക്കുന്ന വിവിധ പരിപാടികളുടെ ഉദ്ഘാടനവും നടന്നു.







SPC, JRC & Nature Club ൽ അംഗങ്ങളായ കുട്ടികൾ ഗ്രേസ് ചാരിറ്റബിൾ ട്രസ്റ്റ് കടയിരുപ്പ് നടത്തിയ ലോക പരിസ്ഥിതി ദിനാഘോഷത്തിൻ്റെ ഭാഗമായപ്പോൾ....






പരിസ്ഥിതി ദിനാചരണം ശാസ്ത്രസാഹിത്യ പരിഷത്തിലെ ശ്രീ. വിജയകുമാർ സാർ നയിച്ച ക്ലാസ്സ്...

### ചങ്ങമ്പുഴ അവാർഡ് ജേതാവ് ശ്രീമതി ജയശ്രീ ടീച്ചറെ ആദരിച്ചു.




ചങ്ങമ്പുഴ അനുസ്മരണ സമിതി ഏർപ്പെടുത്തിയ ചങ്ങമ്പുഴ കവിത പുരസ്കാരത്തിന് സ്കൂൾ ഗണിത ശാസ്ത്ര അധ്യാപിക ശ്രീമതി ജയശ്രീ രാജീവ് അർഹയായി ബഹുഭുജങ്ങൾ എന്ന കവിതയ്ക്കാണ് പുരസ്കാരം.

---




സിന്തൈറ്റ് ഗ്രൂപ്പ് ഓഫ് കമ്പനി സംഘടിപ്പിച്ച വേദിക് എറുഡിറ്റ് സ്കോളർഷിപ്പ് പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനി ഗൗരി എ നായർ





### വായന ദിനാചരണം

കടയിരിപ്പ് ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ ജൂൺ 19 പി എൻ പണിക്കരുടെ സ്മരണാർത്ഥം വായനാദിനം സമുചിതമായി ആഘോഷിച്ചു. വായനാദിനത്തോടനുബന്ധിച്ച് നടന്ന സ്കൂൾ അസംബ്ലിയിൽ ഹയർ സെക്കൻഡറി അധ്യാപിക ജൂലിയറ്റ് വായനാദിന സന്ദേശം നൽകി.വായനയുടെ പ്രാധാന്യത്തെ കുറിച്ച് സീനിയർ അധ്യാപിക സീമ ടീച്ചർ സംസാരിച്ചു.ഒരു മാസം



വായന മാസാചരണം എഴുത്തുകാരനും അധ്യാപകനുമായ ഹരികുമാർ ചങ്ങമ്പുഴ (ചങ്ങമ്പുഴയുടെ ചെറുമകൻ) ഉദ്ഘാടനം ചെയ്യുന്നു



സ്കൂളിൽ നടന്ന യോഗ ദിന

### പ്രീ മിഡ് ടേം പരീക്ഷ ആരംഭിച്ചു.

കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിരന്തരമായ മൂല്യനിർണയത്തിന് ഉതകുന്ന തരത്തിൽ സ്കൂളിൽ പ്രീ മിഡ് ടേം പരീക്ഷ ഭംഗിയായി നടന്നു .







പേപ്പട്ടി വിഷ ബാധ ക്കെതിരെ യുള്ള ബോധവൽക്കരണം

## ലഹരി വിരുദ്ധ ദിനം ആചരിച്ചു.



ജൂൺ 26__ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ജൂൺ 26ന് സ്കൂളിൽ പ്രത്യേക അസംബ്ലി ചേരുകയും ലഹരിവിരുദ്ധ പ്രതിജ്ഞ എടുക്കുകയും ചെയ്തു. കുട്ടികളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം കുറയ്ക്കുക ലഹരിക്കെതിരെ ബോധവൽക്കരണം നടത്തുക എന്നീ ലക്ഷ്യത്തോടെ സ്കൂളിലെ എസ് പി സി ,എൻ എസ് എസ് , ലഹരിവിരുദ്ധ ക്ലബ്ബ്, എന്നിവരുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. പുത്തൻകരിച്ച് ഡിവൈഎസ്പി വി ടി ഷാജൻ ലഹരിക്കെതിരെ കൈ ചാർത് എന്ന പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. സ്കൂൾ പിടിഎ പ്രസിഡൻറ് എൻ വി വാസു എസ് എം സി ചെയർമാൻ ജീമോൻ കടയിരിപ്പ് എന്നിവർ ലഹരിക്കെതിരെയുള്ള സന്ദേശം നൽകി സംസാരിച്ചു. സ്കൂളിലെ എസ് പി സി കോഡിനേറ്റർ മാരായ ആശ ടീച്ചർ ,ജോബി സാർ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.







ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി സ്കൂളിലെ ഫിസിക്കൽ എജുക്കേഷൻ ടീച്ചർ സോബി ചാക്കോയുടെ നേതൃത്വത്തിൽ കുട്ടികൾക്ക് സൂംബ പരിശീലനം നൽകി. പരിശീലനം കുട്ടികൾക്ക് വേറിട്ട അനുഭവമായി. അധ്യാപകരും കുട്ടികളും പരിശീലനത്തിൽ പങ്കെടുത്തു.

## വിമുക്ത സേന അംബാസഡർകകുളള അവാർഡിന് റിതു അർഹയായി.

എസ് പി സി കേഡറ്റുകൾക്കായി നടത്തിയ സംസ്ഥാനതല ക്യാമ്പിൽ നമ്മുടെ വിദ്യാലയത്തിലെ കുമാരി ഋതു പങ്കെടുക്കുകയുണ്ടായി. ഈ ക്യാമ്പിൽ വച്ച് ലഹരി വിമുക്തസേന അംബാസിഡറായി ഋതുവിനെ തിരഞ്ഞെടുത്തു.







## ലിറ്റിൽ കൈറ്റ്സ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് നടത്തി

പുതിയ അധ്യയന വർഷത്തെ എൽകെ കുട്ടികളെ തെരഞ്ഞെടുക്കുന്നതിനു വേണ്ടി ലിറ്റിൽ കൈറ്റ്സ് ടെസ്റ്റ് നടത്തി.




little KITEs



# ആശംസകളോടെ